# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ആദിവാസിമേഖലയിലെ ക്ഷേമപ്രവർത്തനങ്ങൾ</u>

1934 ശ്രീ. മുല്ലക്കര രത്നാകരൻ
,, വി. ശശി
,, കെ. അജിത്
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ നടത്തുന്ന ക്ഷേമപ്രവർത്തനങ്ങൾ പരാജയമാണെന്ന വിലയിരുത്തൽ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആദിവാസി മേഖലയിൽ ക്ഷേമപ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തിരിച്ചറിയൽ കാർഡ്</u>

1935 ശ്രീ. വി. പി. സജീന്ദ്രൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' അൻവർ സാദത്ത്
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.06.2013–ലെ മറുപടിക്ക്

<u>ആദിവാസികൾക്ക് വിതരണം ചെയ്ത ഭൂമി</u>

T1936 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൂൺ 01, 2006 മുതൽ ഏപ്രിൽ 30, 2011 വരെ ഭൂരഹിതരായ എത്ര ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന കണക്ക് ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഭൂരഹിതരായ ആദിവാസികൾക്ക് ആകെ എത്ര ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2011 മെയ് 1 മുതൽ 2013 ഏപ്രിൽ 30 വരെയുള്ള കാലയളവിൽ ഭൂരഹിതരായ എത്ര ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്തു; അപ്രകാരം വിതരണം ചെയ്ത ഭൂമി എത്ര; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകൽ</u>

1937 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ആദിവാസികൾക്ക് എത്രവീതം ഭൂമി വിതരണം ചെയ്തുവെന്ന് അറിയിക്കാമോ;

(ബി) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായി ഈ സർക്കാർ എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമി ലഭ്യമായ ആദിവാസികളുടെ വിവരങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>തെരഞ്ഞെടുത്ത ഗോത്രവര്‍ഗ്ഗ കോളനികളുടെ വികസനം</u>

1938 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബല്‍റാം
,, വി. പി. സജീന്ദ്രന്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഗോതവര്‍ഗ്ഗ കോളനികളുടെ വികസന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**17.06.2013–ലെ മറുപടിക്ക്**

<u>അട്ടപ്പാടി മോഡൽ പദ്ധതി</u>

1939 ശ്രീ.എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ആദിവാസികളുടെ വികസനം ലക്ഷ്യമാക്കി തയ്യാറാക്കിയ അട്ടപ്പാടി മോഡൽ പദ്ധതി ഏതു ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതിക്ക് വിദേശ സഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര ധന വകുപ്പിന്റെ അംഗീകാരം ലഭിച്ചുവോ; വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനും വിദേശ ഫണ്ട് ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടി മേഖലയ്ക്കായുള്ള കേന്ദ്ര വിഹിതം</u>

1940 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്ഷേമ വകുപ്പ് മുഖേന ആദിവാസികളുടെ ക്ഷേമത്തിനായി അട്ടപ്പാടി മേഖലയിൽ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതൊക്കെ; വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും നീക്കിവച്ച തുക എത്ര; ചെലവഴിച്ച തുകയെത്ര; ഗുണഭോക്താക്കളുടെ എണ്ണമെത്ര;

(സി) പട്ടികവർഗ്ഗക്ഷേമ വകുപ്പ് മുഖേന അട്ടപ്പാടി മേഖലയിൽ 2011-12, 2012-13 വർഷങ്ങളിൽ നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെ; വ്യക്തമാക്കുമോ;

(ഡി) ഓരോ പദ്ധതിക്കും നീക്കിവച്ച തുകയെത്ര; ചെലവഴിച്ച തുകയെത്ര; ഗുണഭോക്താക്കളുടെ എണ്ണം എത്ര; വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**17.06.2013–ലെ മറുപടിക്ക്**

<u>ജനനി ജന്മരക്ഷാ പദ്ധതി</u>

1941 ശ്രീ. പി. സി. വിഷ്ണുനാഥ്
,, കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനനി ജന്മരക്ഷാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും നവജാതശിശുക്കൾക്കും പോഷകാഹാരം ലഭ്യമാക്കുന്നതിന് എന്തൊക്കെ സേവനങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**17.06.2013-ലെ മറുപടിക്ക്**

<u>പട്ടികവർഗ്ഗ മൊബൈൽ മെഡിക്കൽ യൂണിറ്റ്</u>

1942 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പട്ടികവർഗ്ഗ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ നിലവിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ വിശദാംശം നൽകുമോ;

(സി) മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡവും, നടപടിക്രമവും വ്യക്തമാക്കുമോ;

(ഡി) 50-ൽ പരം പട്ടികവർഗ്ഗ കോളനികളുള്ള ഏറനാട് നിയോജകമണ്ഡലത്തിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

ആദിവാസികളുടെ ചികിൽസാ ധനസഹായം

1943 ശ്രീ.മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ചികിൽസാ ധനസഹായത്തിന് അനുവദിക്കുന്ന പരമാവധി തുക എത്ര;

(ബി) ഈ തുക ലഭിക്കുന്നതിനുവേണ്ടി ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെ;

(സി) തുക അനുവദിച്ചു കിട്ടുന്നതിന് കാലതാമസം എത്ര ദിവസമാണ്; ഈ തുക വാങ്ങേണ്ടത് എവിടെ നിന്നുമാണ്; ഹാജരാക്കേണ്ട തിരിച്ചറിയൽ രേഖകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ആദിവാസി ചികിൽസാ ധനസഹായത്തിനു നൽകുന്ന ആയുർവ്വേദ പാരമ്പര്യ വൈദ്യ ചികിൽസ സർട്ടിഫിക്കറ്റുകൾക്ക് സർക്കാർ അംഗീകാരം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ആദിവാസികൾക്ക് സൗജന്യ ചികിത്സ</u>

1944 ശ്രീ.എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസികളിൽ അനാരോഗ്യമുള്ളവരെ കണ്ടെത്തി സൗജന്യ ചികിത്സയും പോഷകാഹാരവും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) പോഷകാഹാരക്കുറവുള്ള ആദിവാസി സ്ത്രീ കൾക്കും കുട്ടികൾക്കും തുടർച്ചയായ ചികിത്സ അനിവാര്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദഗ്ദ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി മെഡിക്കൽ ക്ലാസുകൾ സംഘടിപ്പിച്ചും വീട്ടിലെത്തി ചികിത്സിച്ചും ആദിവാസികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ആദിവാസി മേഖലയിലെ പകർച്ചവ്യാധികൾ</u>

1945 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ കോളറ മുതലായ പകർച്ച വ്യാധികൾ പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ ആദിവാസി കോളനികളിൽനിന്നും കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കോളറ മുതലായ പകർച്ചവ്യാധികൾ മൂലമുള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഏതൊക്കെ ആദിവാസി കോളനികളിൽ നിന്നും കഴിഞ്ഞ രണ്ട് മാസത്തിനിടയ്ക്ക് കോളറ പോലുള്ള പകർച്ച വ്യാധികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല, കോളനി തിരിച്ചുള്ള കണക്കുകൾ വിശദമാക്കുമോ;

(ഡി) പകർച്ച വ്യാധികൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

കമ്മിറ്റഡ് സോഷ്യൽ വർക്കർമാരുടെ സേവനത്തിനുള്ള പദ്ധതി

1946

ശ്രീ. പാലോട് രവി
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കമ്മിറ്റഡ് സോഷ്യൽ വർക്കർമാരുടെ സേവനത്തിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

ആദിവാസി കോളനികളിലെ സൗജന്യ ഭക്ഷ്യ ധാന്യ വിതരണം

1947 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാലങ്ങളിൽ പട്ടികവർഗ്ഗ കോളനികളിൽ സൗജന്യ ഭക്ഷ്യധാന്യ വിതരണം നടത്താറുണ്ടോ; വിശദാംശം നൽകുമോ;

(ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളിലാണ് ഇത്തരത്തിൽ ഭക്ഷ്യധാന്യം വിതരണം നടത്തുന്നതെന്ന് വിശദമാക്കുമോ;

(സി) ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഭക്ഷ്യധാന്യ വിതരണം നടത്തുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ആദിവാസി മേഖലയിൽ പോഷകാഹാര വിതരണത്തിനായി ചെലവഴിച്ച തുക</u>

1948 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ആദിവാസി മേഖലയിൽ പോഷകാഹാരക്കുറവ് മൂലം എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; അപ്രകാരം സംഭവിച്ച ഊരുകൾ ഏതൊക്കെ; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ആദിവാസി മേഖലയിൽ പോഷകാഹാര വിതരണത്തിനായി ചെലവഴിച്ച തുക എത്ര;

(സി) എന്ത് തുക ഈയിനത്തിൽ നീക്കിയിരിപ്പുണ്ട്; വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>പ്രൊഫഷണൽ കോഴ്സിന്റെ പ്രവേശനത്തിൽ ക്രമക്കേട്</u>

1949

ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സിന്റെ പ്രവേശനത്തിൽ സ്റ്റേറ്റ് മെരിറ്റ് ലിസ്റ്റിൽ വരാൻ സാധ്യതയുളള പട്ടിക വിഭാഗത്തിൽപ്പെട്ടവരെ പോലും ഒഴിവാക്കുന്ന രീതി ഉണ്ടെന്നും, പ്രൊഫഷണൽ കോഴ്സിന്റെ പ്രവേശനത്തിൽ ക്രമക്കേടും സീറ്റ് അലോട്ട്മെന്റിൽ അഴിമതിയും ഉണ്ടെന്നും ശ്രദ്ധയിൽപ്പെട്ട കേരള സ്റ്റേറ്റ് പട്ടികജാതി ഗോത്ര വർഗ്ഗ കമ്മീഷൻ ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടതായി അറിവുണ്ടോ;

(സി) കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യാൻ നടപടി

1950 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയിലൂടെ ലാപ്ടോപ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണമെത്ര; ഏതെല്ലാം കമ്പനിയുടെ ലാപ്ടോപ്പുകളാണ് വിതരണം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്കായി ചെലവാക്കിയ തുക എത്ര; വിശദമാക്കുമോ;

(ഡി) എത്ര വിദ്യാർത്ഥികൾക്കാണ് വിവിധ ബ്രാന്റുകളിലുള്ള ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകുവാൻ നടപടി</u>

1951 ശ്രീ. വി. പി. സജീന്ദ്രൻ
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>ആദിവാസി വനിതകൾക്ക് ആട്ടോറിക്ഷ നൽകുന്ന പദ്ധതി</u>

1952 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി വനിതകൾക്ക് ആട്ടോറിക്ഷ വാങ്ങി നൽകാൻ കഴിഞ്ഞ സാമ്പത്തികവർഷം എന്ത് തുക വകകൊള്ളിച്ചിരുന്നുവെന്നും ഈ പരിപാടിയിലൂടെ എത്രപേർക്ക് ആനുകൂല്യം ലഭിക്കുവാനാണ് വിഭാവനം ചെയ്തിരുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എന്ത് തുക ചെലവഴിച്ചുവെന്നും എത്രപേർക്ക് ഇതിന്റെ ഗുണം ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>എൻ.ജി.ഒ.കൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

1953 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ആദിവാസി മേഖലയിൽ നിലവിൽ എൻ. ജി.ഒ.കൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെ; വിശദാംശം നൽകുമോ;

(ബി) പദ്ധതിയുടെ പേര്, തുക, കാലാവധി, എൻ.ജി.ഒ യുടെ പേര്, ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാമോ;

(സി) എൻ.ജി.ഒ.കൾ വഴി പൂർത്തിയാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) എൻ.ജി.ഒ.കൾ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്
ലഭിച്ച സാമ്പത്തിക സഹായം

1954 ശ്രീ.പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ നിന്നും "കേരള സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷ''ന് 2011–12, 2012–13, 2013–14 എന്നീ വർഷങ്ങൾക്ക് എത്ര തുകയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) "പട്ടിക ജാതി–പട്ടിക വർഗ്ഗ സഹകരണ ഫെഡറേഷന്'' പണം നൽകുന്നതിന് പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ നിയമനം</u>

1955 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വികസന വകുപ്പിന് മുഴുവൻ സമയ ഡയറക്ടർ ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) അട്ടപ്പാടി മേഖലയിൽ ആദിവാസി സമൂഹം നേരിടുന്ന ദുരന്ത സാഹചര്യം മറികടക്കുന്നതിന് വകുപ്പിന് ഒരു മുഴുവൻ സമയ ഡയറക്ടറുടെ സേവനം അനിവാര്യമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വകുപ്പിന് ഡയറക്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ;

(സി) നിലവിൽ ചുമതലയുള്ള ഡയറക്ടർക്ക് എത്ര വകുപ്പിന്റെ ചുമതലയാണുള്ളത്; ഇക്കാരണത്താലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>ബോധവല്‍ക്കരണ പരിപാടികള്‍</u>

1956 ശ്രീ. തോമസ് ഉണ്ണിയാടന്‍
,, മോന്‍സ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) യുവജനങ്ങളിലും, വിദ്യാര്‍ത്ഥികളിലും മൂല്യബോധം വളര്‍ത്തുന്നതിനും, അവരെ വെല്ലുവിളികളെ അതിജീവിക്കുന്നതിന് പ്രാപ്തരാക്കുന്നതിനു ഗ്രാമ പ്രദേശങ്ങളിലുള്ള ആര്‍ട്സ് & സ്പോര്‍ട്സ് ക്ലബ്ബുകളുടെ സഹകരണത്തോടെ ബോധവല്‍ക്കരണ പരിപാടികള്‍ സംഘടിപ്പിക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ;

(ബി) ഇത്തരം ഗ്രാമീണ ക്ലബ്ബുകളുടെ പ്രവര്‍ത്തനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>യുവജനങ്ങളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാൻ പദ്ധതി</u>

1957 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയിൽ യുവജനങ്ങളെ ആകർഷിക്കത്തക്ക കാര്യമായ പദ്ധതികൾ നിലവിലില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യുവജനങ്ങളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിന് വേണ്ടി നിലവിലുള്ള പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശം അറിയിക്കുമോ; ആയതുമായി ബന്ധപ്പെട്ട് യുവജനകാര്യ വകുപ്പ് പുതിയതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 17.06.2013–ലെ മറുപടിക്ക്

<u>പരിഷ്ക്കരിച്ച യൂത്ത് അവാർഡുകൾ</u>

1958

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം യുവജനകാര്യ വകുപ്പിന്റെ കീഴിൽ നൽകി വരാറുള്ള യൂത്ത് അവാർഡുകൾ പരിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എപ്രകാരമാണ് പരിഷ്കരിച്ചത്; ഏതൊക്കെ അവാർഡുകളാണ് നല്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സംരംഭകത്വ പരിശീലന പരിപാടികൾ</u>

1959

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനകാര്യ വകുപ്പ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംരംഭകത്വ പരിശീലന പരിപാടികൾ എന്തൊക്കെ; വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ
തിരുവനന്തപുരം, സെക്രട്ടറി
2013 ജൂൺ 08.

<u>**പ്രത്യേക ശ്രദ്ധയ്ക്ക്**</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്.
[ ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.